ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ 27-ഉം പത്തനംതിട്ടയിൽ ഒന്നും കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

പാമ്പാടി സർവീസ് സഹകരണബാങ്കിന്റെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുനടന്ന അക്രമം

(31) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി സർവീസ് സഹകരണബാങ്കിന്റെ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് എത്ര കേസ്സുകൾ പോലീസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കേസ്സിലും എത്ര പ്രതികൾ ഉണ്ടെന്നും അവർ ആരൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും തെരഞ്ഞെടുപ്പിന് വോട്ടു ചെയ്യുവാൻ എത്തിയവരെ ആക്രമിക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംരക്ഷണം നൽകുന്നതിൽ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) രണ്ടു കേസ്സുകൾ.

(ബി) പാമ്പാടി പോലീസ് സ്റ്റേഷനിലെ ക്രൈം 187/99-ൽ രാധാകൃഷ്ണൻ, അജി, അനിക്കുട്ടൻ, ഫിലിപ്പ്, വിശ്വൻ, ജയൻ എന്നീ ആറ് പ്രതികളും, ക്രൈം 202/99-ൽ ബാബുവും, കണ്ടാലറിയാവുന്ന മറ്റു മൂന്നു പ്രതികളും ഉണ്ട്.

(സി) വോട്ടുചെയ്യാൻ എത്തിയവർക്കെതിരെ ആക്രമണം ഉണ്ടായിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പോലീസ് കേസ്സുകൾ

(32) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ പരാതിയെതുടർന്നോ അല്ലാതെയോ എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെയോ സി.പി.എം. പ്രവർത്തകർക്കെതിരെയോ പോലീസ് കേസ്സ് എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly